**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- ശ്രീമതി.സുധർമ്മ.പി-ക്കു പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ്പുറപ്പെടുവിക്കുന്നു.

പരാമർശം:-
1.No.OAEKM659/2021.
2.കത്ത് നം. DHS/8542/2024/FWA5 തീയതി: 21/02/2025.
3.അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ (എറണാകുളം) നിന്നും 28/02/2025 തീയതിയിൽ ലഭ്യമായ കത്ത് നം. G3-OAEKM 659/2021/2025032056.
4. ഉത്തരവ് നമ്പർ ആ.വ.ഡ /7813/2024/ഇ.എസ് 5 തീയതി 18/05/2024
5.ഉത്തരവ് നമ്പർ ആ .വ.ഡ 7813/2024 ഇ .എൽ1 തീയതി 28/05/2025

**ഉത്തരവ് നം:** DHS/14263/2024-FWA5 **തീയതി:** 19-06-2025

---

പരാമർശം (1) പ്രകാരം ശ്രീമതി.സുഷമ.പി.ആർ-ഉം മറ്റുള്ളവരും ചേർന്ന് OA659/2021 പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1-ന്റെ സീനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ചു കേസ് ഫയൽ ചെയ്തിരുന്നതിനാൽ, ബഹു: കോടതിയുടെ വിധിന്യായം ലഭ്യമാകുന്നത് വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്- 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുള്ളതാണ്.

എന്നാൽ സർക്കാരിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുവാൻ ഉത്തരവായിട്ടുള്ളതും, നിലവിൽ പബ്ലിക് ഹെൽത്ത് നേഴ്സ്, പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികകളിൽ ഒഴിവുള്ളതിനാലും ഫീൽഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സൂപ്പർവിഷൻ നടത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാലും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും പബ്ലിക് ഹെൽത്ത്

നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ചു മേൽ പരാമർ ശം ( 2 ) പ്രകാരം നിയമോപദേശം ആരാഞ്ഞിട്ടുള്ളതും പരാമർശം ( 3 ) പ്രകാരം നിയമോപദേശം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് OA659/2021-ലെ പരാമർശം (4) പ്രകാരമുള്ള Annexure A25 സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകാവുന്നതാണ് എന്നും എന്നാൽ OA659/2021 പ്രകാരമുള്ള കേസിൽ ഉൾപ്പെട്ടിട്ടുള്ള പാർട്ടി റെസ്പോണ്ടന്റ് ആയിട്ടുള്ള ജീവനക്കാർക്ക് അവർക്ക് പ്രൊമോഷന് അർഹതയുണ്ടെങ്കിലും പ്രൊമോഷൻ നൽകുവാൻ പാടുള്ളതല്ല എന്നും അറിയിച്ചിട്ടുണ്ട്.

പരാമർ ശം ( 4 ) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 1 3 6 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.സുധർമ്മ.പി, പബ്ലിക് ഹെൽത്ത് നഴ്സിന്റെ ജനനത്തീയതി 02/01/1969 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് 02/11/1969 എന്ന് തിരുത്തി പരാമർശം (5) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ കുമ്പടാജെ കുടുംബാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുധർമ്മ.പി ക്ക് Rule 28 (a) of KSR&SSR പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് 43400-91200(revised scale) എന്ന ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പെൻ | പേര് | ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിയമിച്ചിരിക്കുന്ന ജില്ല |
|---|---|---|---|---|---|---|
| 1 | 136 | 329711 | ശ്രീമതി.സുധർമ്മ.പി | 02/11/1969 | കുടുംബാരോഗ്യ കേന്ദ്രം ,കുമ്പടാജെ , കാസർഗോഡ് | കണ്ണൂർ |

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൾക്കു നിയമന ഉത്തരവ് നൽകേണ്ടതും ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.മേൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരി ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ സേവനകാലം നിരീക്ഷണ കാലാവധി ആയിരിക്കുന്നതാണ്. സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കാൻ പാടുള്ളതല്ല.

ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർത്ത് ഡൗൺലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ചു നൽകുന്നതല്ല. കൂടാതെ 2025-ലെ പൊതുസ്ഥലംമാറ്റം നടത്തുന്ന അവസരത്തിൽ ജില്ലകളിലേക്ക് യോഗ്യരായ അപേക്ഷകർ ഉള്ള പക്ഷം മേൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരിയുടെ ജില്ലയിലെ നിയമനം ആവശ്യമെങ്കിൽ പുനഃപരിശോധിക്കുന്നതാണ്. കൂടാതെ പ്രസ്തുത ഉത്തരവ് OA 659/2021 പ്രകാരമുള്ള ബഹു: കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

Signed by
Meenakshy V
Date: 19-06-2025 15:39:59

**Dr MEENAKSHY V**

**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

സ്ഥാപന മേധാവികൾ/ ജീവനക്കാർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചു നൽകുന്നതല്ല)

പകർപ്പ്:-

**1.**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
**2.**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്,കണ്ണൂർ
**3.**ഫയൽ/ കരുതൽ ഫയൽ